## അവശ്യ സാധനങ്ങളുമായി അതിർത്തി കടന്നെത്തുന്ന ലോറി ഡ്രൈവർമാർക്ക് ആതിഥേയത്വം അരുളി കാസറഗോഡ് ജില്ലയിലെ കുടുംബശ്രീ യൂണിറ്റുകൾ

കൊറോണ രോഗത്തിന്റെ വ്യാപനം തടയാനായി രാജ്യത്ത് പ്രഖ്യാപിച്ച ലോക്ക് ഡൗൺ തുടരുന്ന സാഹചര്യത്തിലും സംസ്ഥാന അതിർത്തി കടന്നു മറ്റു സംസ്ഥാനങ്ങളിൽ നിന്നും അവശ്യ വസ്തുക്കളും ആയി ലോറികൾ കേരളത്തിലേക്ക് എത്തുന്നുണ്ട്. ഇവർക്ക് ആതിഥേയത്വമരുളുകയാണ് കാസറഗോഡ് ജില്ലയിലെ കുടുംബശ്രീ യൂണിറ്റുകൾ. കാസറഗോഡ് ജില്ലയിലെ കർണാടക അതിർത്തി ആയ തലപ്പാടിയിലും കണ്ണൂർ ജില്ലയിലെ അതിർത്തി ആയ കാലിക്കടവിലും കുടുംബശ്രീ യൂണിറ്റുകൾ ഭക്ഷണപൊതികളുമായി ഡ്രൈവർമാരെ വരവേൽക്കുകയാണ് ഇവർ ചെയ്യുന്നത്.

പ്രഭാത ഭക്ഷണം, ഉച്ചക്ക് ബിരിയാണി, ചോറ്, വൈകിട്ട് ചപ്പാത്തി, സബ്ജി എന്നിവയാണ് നൽകുന്നത്. ഇവ മിതമായ നിരക്കിൽ ആണ് ലോറി ഡ്രൈവർമാർക്ക് വിതരണം ചെയ്യുന്നത്. ജില്ല ഭരണകൂടവുമായി സഹകരിച്ചാണ് കുടുംബശ്രീ കാസറഗോഡ് ജില്ലാമിഷൻ ഈ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നത്.

ഭക്ഷണം നല്കുന്നതിനൊപ്പം അവശ്യസാധനങ്ങളുമായി അതിർത്തി കടന്നു ജില്ലയിലേക്ക് വരുന്ന ലോറികൾക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി കുടുംബശ്രീയുടെ നേതൃത്വത്തിൽ 4 മൊബൈൽ വർക്ക് ഷോപ്പുകളും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പഞ്ചർ, ടയർ, കാറ്റ് നിറയ്ക്കൽ എന്നീ അറ്റകുറ്റപ്പണികൾ ഇത് വഴി നടത്താനാകും. ഇവയിൽ രണ്ടെണ്ണം കാഞ്ഞങ്ങാട് മേഖലയിലും രണ്ടെണ്ണം മഞ്ചേശ്വരം മേഖലയിലും ആണ് പ്രവർത്തിക്കുക. സാധ്യമായ എല്ലാ സഹായങ്ങളും ഈ അവസരത്തിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ എത്തിച്ചു നൽകുന്നുണ്ട്. സാമ്പത്തിക സഹായം ഉൾപ്പടെയുള്ളവ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക്

ഇവർ കൈമാറുന്നുണ്ട്. പ്രതിസന്ധി കാലഘട്ടത്തിൽ പരസ്പരം തുണയായി നിന്ന് ഈ കാലവും നമുക്കു ഒരുമിച്ച് അതിജീവിക്കാം എന്ന് തെളിയിക്കുകയാണ് കുടുംബശ്രീ കാസറഗോഡ് ജില്ലയിൽ നിന്നുള്ള കുടുംബശ്രീ പ്രവർത്തകർ.